# തെങ്ങ്കൃഷിക്ക് താങ്ങേകാൻ പദ്ധതികൾ

# ആദ്യഘട്ടം പാമ്പാക്കുട ബ്ലോക്കിൽ തുടങ്ങി

തെങ്ങ്കൃഷിയിൽ നഷ്ടക്കണക്കുകൾ മാത്രം നിരത്തുന്ന കേരകർഷകർക്ക് ആശ്വാസമേകാൻ വിവിധ പദ്ധതികൾ വരുന്നു. നാളികേര വികസന ബോർഡിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് 14 ജില്ലകളിലായി 5000 നാളികേര ഉത്പാദക സംഘങ്ങൾ വഴിയാണ് പദ്ധതികൾ നടപ്പാക്കുക. നാളികേര ഉത്പാദക സംഘങ്ങൾ രൂപവത്കരിക്കുന്ന പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണെന്ന് ബോർഡ് ചെയർമാൻ ടി.കെ. ജോസ് പറഞ്ഞു.

നാളികേരത്തിന് വില കിട്ടുന്നില്ലെന്നതാണ് കർഷകരുടെ പരാതി. കർഷകൻ തന്നെ വില നിശ്ചയിക്കുന്ന രീതിയിലേക്ക് നാളികേരത്തിന്റെ വിപണിയെ ഉണർത്തുന്ന പ്രവർത്തനങ്ങൾ ബോർഡ് നടപ്പാക്കും. വെളിച്ചെണ്ണ ലോബിയുടെ ഇടപെടലുകളാണ് എണ്ണവില നിശ്ചയിക്കുന്നത്. ജനവരി കഴിഞ്ഞാൽ തേങ്ങയുടെ വില കുറയുന്നതാണ് പ്രവണത. ഉത്പാദന നിയന്ത്രണത്തിലൂടെ ഇത് സാധ്യമാകുമെന്നതാണ് ബോർഡിന്റെ കണ്ടെത്തൽ.



വേനൽക്കാലത്ത് കരിക്കിൻവെള്ളം കൂടുതലായി ആവശ്യം വരും. കൊച്ചി നഗരത്തിൽ മാത്രം ഒന്നരലക്ഷം കരിക്കാണ് ആവശ്യമുള്ളത്. 15 രൂപയ്ക്ക് കരിക്ക് ലഭ്യമാക്കാൻ നാളികേര ഉത്പാദക സംഘങ്ങൾ വഴി സാധ്യമാകും.

തേങ്ങയിടുന്നതിനുള്ള തൊഴിലാളികളെ ലഭിക്കുന്നതിന് വേണ്ടി 'തെങ്ങിന്റെ ചങ്ങാതിക്കൂട്ടം' രൂപവത്കരിച്ചുകഴിഞ്ഞു. 3350 പേർക്ക് തെങ്ങ് കയറ്റത്തിനുള്ള പരിശീലനം നൽകി. യന്ത്രവും പരിശീലനവും നൽകി പ്രത്യേക യൂണിഫോമിട്ട ചങ്ങാതിക്കൂട്ടത്തിലെ അംഗങ്ങൾ വിളിപ്പുറത്തുണ്ടാകുമെന്ന് ചെയർമാൻ ജോസ് പറഞ്ഞു. സംഘങ്ങൾ വഴിയായിരിക്കും ഇവരുടെ സേവനം ലഭ്യമാക്കുക. മാസം 30,000 രൂപയ്ക്കു മുകളിൽ ആണ് ഇവരുടെ വരുമാനം. സംസ്ഥാനത്ത് 5000 പേരെ സൗജന്യമായി പരിശീലിപ്പിക്കും. നിലവിൽ 7000 പേർ രജിസ്റ്റർ ചെയ്ത് പരിശീലനത്തിനായി കാത്തിരിക്കുന്നു. തെങ്ങ്കയറ്റക്കാർ പ്രത്യേക ജാതിക്കാരോ, പുരുഷ വിഭാഗക്കാരോ ആണെന്ന ചിന്താഗതിക്ക് മാറ്റമുണ്ടാക്കാനാണ് നാളികേര വികസന ബോർഡിന്റെ ലക്ഷ്യം. 40 അടി വരെ ഉയരമുള്ള തെങ്ങിന് പത്ത് രൂപയും അതിൽ കൂടുതൽ ഉള്ളവയ്ക്ക് 15 രൂപയും കൂലി നിശ്ചയിച്ചിട്ടുണ്ട്. ഉത്പാദക സംഘങ്ങൾ വഴി ഇവർക്ക് കോൺട്രിബ്യൂട്ടറി പ്രൊവിഡന്റ് ഫണ്ട് ഏർപ്പെടുത്തും. 4000 രൂപ വീതം പെൻഷൻ ലഭ്യമാക്കുന്ന പദ്ധതിയും ആസൂത്രണം ചെയ്തിട്ടുണ്ട്.

തെങ്ങ് കർഷകരെ വിവരങ്ങൾ യഥാസമയം അറിയിക്കുന്നതിനും ക്രമീകരണങ്ങളുണ്ടാകും. മികച്ച മാനേജ്മെന്റ് സംവിധാനം ഇക്കാര്യത്തിലുണ്ടാകും. 14 ജില്ലകളിലും മാനേജ്മെന്റ് വിദഗ്ധ സംഘത്തെ നിയോഗിക്കും. ഉത്പന്നങ്ങൾ മികച്ച രീതിയിൽ വിറ്റഴിക്കാനാണ് ലക്ഷ്യമിടുന്നത്. കീടനാശിനികളില്ലാത്തതാണ് കരിക്കിൻ വെള്ളം. ഒരുമാസം അമ്പത് ലക്ഷം ലിറ്റർ കരിക്കിൻ വെള്ളമാണ് വേനൽക്കാലത്ത് ആവശ്യമായത്. 500 കോടി നാളികേരം ഇതിനായി വേണം.



ജില്ലയിലെ ആദ്യത്തെ നാളികേര ഉത്പാദക സംഘങ്ങളുടെ പ്രവർത്തനോദ്ഘാടനം തിരുമാറാടിയിൽ നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ.ജോസ് നിർവഹിക്കുന്നു.

ഉത്പാദക സംഘങ്ങൾ വഴി വിവിധ ഇനത്തിലുള്ള തെങ്ങിൻ തൈകളാണ് ഉത്പാദിപ്പിച്ച് വിതരണം നടത്തുക. ഉയരം കുറഞ്ഞവ, വേഗത്തിൽ കായ്ക്കുന്നവ, ധാരാളം തേങ്ങകളുണ്ടാകുന്നവ, വലിപ്പമുള്ളവ, കൂടുതൽ കരിക്കിൻ വെള്ളമുള്ളവ എന്നീ ഗുണവിശേഷങ്ങൾ പരിഗണിച്ചാണ് വിത്തുകൾ ഉത്പാദിപ്പിക്കുക. രോഗബാധയില്ലാത്ത തെങ്ങിൻ തൈകൾ കണ്ടെത്താനും പദ്ധതികളുണ്ട്. ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് വഴിയായിരിക്കും പ്രവർത്തനങ്ങൾ നടത്തുക.

ഉത്പാദക സംഘങ്ങൾക്കായി ഓഹരി മൂലധനം കണ്ടെത്തുന്നത് തേങ്ങകൾ ശേഖരിക്കുന്നതിലൂടെയാണ്. ഇതുപ്രകാരം ഒരു ഉത്പാദകസംഘത്തിന് ഒരു കർഷകൻ ഒരു തെങ്ങിന് ഒരു തേങ്ങ മൂലധന ഓഹരിയായി നൽകും. നാല് ലക്ഷം രൂപ വരെ ശേഖരിക്കാൻ കഴിയും. 20 സംഘങ്ങൾ ചേർന്ന് ഒരു കമ്പനി രൂപവത്കരിക്കും. പത്ത് കമ്പനികൾ കേരളത്തിലുണ്ടാക്കാനാണ് ലക്ഷ്യമിടുന്നത്. കളമശ്ശേരി രാജഗിരി കോളേജിന്റെ സഹായത്തോടെയാണ് മാനേജ്മെന്റ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നത്.

വേനൽക്കാലത്ത് തെങ്ങിന് വെള്ളമെത്തിക്കാൻ പദ്ധതികളുണ്ടാകും. ജലവിഭവ വകുപ്പുമായി പ്രാഥമിക ചർച്ചകൾ നടത്തിക്കഴിഞ്ഞു. ഡ്രിപ്പ് ഇറിഗേഷൻ സംവിധാനം ഉപയോഗപ്പെടുത്തും. കർഷകർക്ക് കിസാൻ ക്രെഡിറ്റ് പദ്ധതി ഏർപ്പെടുത്തും. കരിക്ക്, കരിക്കിൻവെള്ളം, കൊപ്ര, ചിരട്ട, കോക്കനട്ട് മിൽക്ക് പൗഡർ, നുറുങ്ങ് തേങ്ങ, കേക്ക്, കോക്കനട്ട് ചിപ്സ്, വിർജിൻ കോക്കനട്ട് ഓയിൽ, ചിരട്ടക്കരി, ഉണ്ട കൊപ്ര എന്നിവ ഉത്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. പാമ്പാക്കുട ബ്ലോക്കിന്റെ കീഴിലാണ് പ്രവർത്തനം നടപ്പാക്കുന്നത്.